പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7939 — 24.07.2012-ൽ മറുപടിയ്ക്ക്

# ആർ. ആർ. ജി. വി. വൈ പദ്ധതി നടപ്പിലാക്കുന്ന ജില്ലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം. പി. വിൻസെൻറ് :<br>ശ്രീ. പാലോട് രവി :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ആർ. ആർ. ജി. വി. വൈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (എ) ആർ.ജി.ജി.വി.വൈ പദ്ധതി കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കിവരികയാണ്. ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതി 30.06.2012 ൽ പൂർത്തീകരിച്ചു. |
| (ബി) മറ്റ് ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ? | (ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം,ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 89.83 കോടി രൂപയുടെ പ്രവൃത്തികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ടേൺകീ കരാർ ഒഴിവാക്കി കെ.എസ്.ഇ.ബി നേരിട്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ടി കേന്ദ്രാനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇടുക്കി ജില്ലയിൽ ആർ.ജി.ജി.വി.വൈ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 19.24 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.